'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി- ചെയർമാനെ സഹായിക്കാനായി എക്സിക്യൂട്ടീവ് അസിസ്റ്റന്റിനെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1217/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/06/2019**

---

പരാമർശം:- 1 സ.ഉ.(പി)നം. 28/2016/ധന, തീയതി 26/02/2016

2 സ.ഉ. (പി)നം.56/2017/ ധന, തീയതി 28/04/2017

3 സ.ഉ.(പി)നം.112/2018/ധന, തീയതി 21/07/2018

4 ജിസിഡിഎ സെക്രട്ടറിയുടെ 31.12.2018-ലെ 10922/ജി.3/2018/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

ജിസിഡിഎയുടെ വികസനപദ്ധതികൾ സമയബന്ധിതമായി നടപ്പിലാകുന്നതിനായി അതോറിറ്റിയിലെ വിവിധ വകുപ്പുകളിലായി നടന്നുവരുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ജിസിഡിഎയുടെ ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും ചെയർമാൻ ഇടപ്പെടേണ്ട വിഷയങ്ങൾ സൂക്ഷമായി പരിശോധിച്ച് വിലയിരുത്താനും ചെയർമാനെ സഹായിക്കുന്നതിന് ഒരാളെ അതോറിറ്റിയിലെ പൊതുഭരണ വിഭാഗത്തിൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റായി കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് ജിസിഡിഎ സെക്രട്ടറി പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജിസിഡിഎയിലെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത, ജോലിയുടെ സ്വഭാവം എന്നീ ഘടകങ്ങൾ പരിഗണിച്ച് പരാമർശം (1), (2), (3) ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശം (3) ഉത്തരവിലെ കാറ്റഗറി VI ന് സമാനമായ കരാർ വേതനം ₹27,010/- അനുവദിക്കാവുന്നതാണ് എന്ന വ്യവസ്ഥയോടും കൂടി ജിസിഡിഎയുടെ ചെയർമാനെ സഹായിക്കുന്നതിന് പൊതുഭരണ വിഭാഗത്തിൽ ഒരു എക്സിക്യൂട്ടീവ് അസിസ്റ്റന്റിനെ കരാർ വ്യവസ്ഥയിൽ നിയമിക്കാൻ ജിസിഡിഎ സെക്രട്ടറിയ്ക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.നാഗേന്ദ്രന്
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ, വിശാല കൊച്ചി വികസന അതോറിറ്റി.
സെക്രട്ടറി , വിശാല കൊച്ചി വികസന അതോറിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
ധനകാര്യ (ഡവലപ് മെന്റ് ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ